Malappuram District Police

## 26/05/2018 തേഞ്ഞിപ്പലം

വീട്ടിൽ ഉറങ്ങികിടക്കുകയായിരുന്ന യുവതിയെ അർധ രാത്രിയിൽ വീട്ടിൽ കയറി മാനഭംഗപ്പെടുത്താൻ ശ്രമിച്ച കേസിൽ യുവാവ് അറസ്റ്റിൽ. പുത്തൂർ പള്ളിക്കൽ സ്വദേശി പീടിക കണ്ടി രതീഷ് (28) ആണ് അറസ്റ്റിലായത്. 23 ന് അർധരാത്രി എസ്.ഇ.വിഭാഗത്തിൽ പെട്ട 28 കാരിയായ യുവതിയും കുടുംബവും താമസിക്കുന്ന അടച്ചുറപ്പില്ലാത്ത വീട്ടിലെ വാതിലിന്റെ ലോക്ക് തകർത്ത് ആണ് പ്രതി അകത്തുകയറിയത്.ശബ്ദം കേട്ടുണർന്ന് യുവതി ബഹളം വെച്ചതോടെ ഇയാൾ ഓടി രക്ഷപ്പെടുകയായിരുന്നു. സ്ഥിരം മദ്യപാനിയായ ഇയാൾ നാല് മാസം മുമ്പ് യുവതിയുടെ സഹോദരിക്ക് നേരെ പീഡന ശ്രമം നടത്തിയിരുന്നു. വീട്ടിൽ അതിക്രമിച്ചു കയറിയതിനും യുവതിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചതിനുമാണ് ഇയാൾക്കെതിരെ കേസെടുത്തത്. ഡി.വൈ.എസ്.പി ജലീൽ തോട്ടത്തിലിന്റെ നേതൃത്വത്തില് അറസ്റ്റ് ചെയ്ത് മഞ്ചേരി കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.